ദേശീയ ആരോഗ്യമിഷനിൽനിന്നും പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ വിഹിതം

29 (3460) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ആരോഗ്യമിഷനിൽനിന്നും സംസ്ഥാനത്തിന്റെ ആരോഗ്യ ബഡ്ജറ്റ് വിഹിതമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) പ്രകാരം എത്ര കോടി രൂപയ്ക്കാണ് ശുപാർശ ചെയ്തിരുന്നത് ; അതിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; മുൻവർഷത്തെ അപേക്ഷയിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട് ;

(ബി) പദ്ധതി വിഹിതത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) Non Communicable Diseases (NCDs)-ന്റെ പ്രതിരോധത്തിനായി സർക്കാർ ദേശീയ ആരോഗ്യമിഷനിൽനിന്നും എന്ത് തുകയുടെ ശുപാർശയാണ് സമർപ്പിച്ചിരുന്നത് ; എത്ര തുക അനുവദിച്ചു ; കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ ആരോഗ്യമിഷനിൽനിന്നും ഈ സാമ്പത്തിക വർഷം സംസ്ഥാന ത്തിന്റെ പ്ലാനായി 587.14 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചത്. ഇതിൽ സംസ്ഥാനത്തിന്റെ വിഹിതമായി 120 കോടി രൂപയാണ് സംസ്ഥാനം വകയിരുത്തിയിരിക്കുന്നത്. ഇതിൽ 20 കോടി രൂപ നൽകാൻ ഉത്തരവായിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 20 കോടി രൂപ കൂടുതലാണ്.

(ബി) കൂടുതൽ തുക കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കാനായി സപ്ലിമെന്ററി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (Supplementary PIP) തയ്യാറാക്കിവരുന്നു. കേന്ദ്രത്തിൽനിന്നും കൂടുതൽ തുക നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) Non Communicable Diseases (NCDs)-ന്റെ പ്രതിരോധത്തിനായി 32.44 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 17.26 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം ശുപാർശ ചെയ്തത്. കേന്ദ്ര പദ്ധതി വിഹിതം 12.44 കോടി രൂപയാണ്. കൂടുതൽ തുക കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കാനായി സപ്ലിമെന്ററി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (Supplementary PIP) തയ്യാറാക്കിവരുന്നു. കേന്ദ്രത്തിൽനിന്നും കൂടുതൽ തുക നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസവ ശസ്ത്രക്രിയയിടെയുണ്ടാകുന്ന അണുബാധ തടയാൻ നടപടി

30 (3461) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രസവ ശസ്ത്രക്രിയയിടെ അണുബാധയുണ്ടാകുന്നത് വ്യാപക മാകുന്നുവെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ശസ്ത്രക്രിയ ഉപകരണങ്ങളുടെ ഗുണനിലവാരം കുറഞ്ഞതുമൂലം അണുബാധയുണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ ഏതെങ്കിലും പ്രത്യേക കമ്പനികൾക്കെതിരെ പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ അണുബാധയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ ജാഗ്രതകൾ പാലിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും മതിയായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അണുബാധയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly